2026
SEPTEMBER
28
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# ഒക്ടോബർ 1 മുതൽ ഗൃഹോപകരണങ്ങളുടെ വില വർധിക്കും

**ന്യൂദൽഹി:** ഒക്ടോബർ ഒന്നു മുതൽ എസിയും റെഫ്രിജറേറ്ററും ടിവിയും അടങ്ങുന്ന ഗൃഹോപകരണങ്ങളുടെ വില വർധിപ്പിക്കാനൊരുങ്ങി രാജ്യത്തെ കമ്പനികൾ. എസിക്ക് 8-5% വരെ വില വർധിക്കും. കോപ്പർ, അലൂമിനിയം, സ്റ്റീൽ തുടങ്ങിയ നിർമാണ വസ്തുക്കളുടെ വില വർധിച്ചതാണ് കാരണം. ഇറാൻ യുദ്ധത്തോടെ ക്രൂഡോയിൽ വില കൂടിയതും ഇന്ത്യൻ രൂപയുടെ വിനിമയ നിരക്ക് ഇടിഞ്ഞതും തിരിച്ചടിയായി.

രാജ്യത്ത് ഉൽസവ സീസൺ തുടങ്ങാനിരിക്കെ ഗൃഹോപകരണങ്ങൾക്ക് വില വർധിക്കുന്നത് ഉപയോക്താക്കൾക്ക് തിരിച്ചടിയാണ്. ഇക്കൊല്ലം ഒന്നിലധികം തവണ മിക്ക കമ്പനികളും വില വർധിപ്പിച്ചു കഴിഞ്ഞു. എന്നാൽ കമ്പനികളുടെ തീരുമാനം മുൻകൂട്ടി കണ്ട് നേരത്തെ തന്നെ ആവശ്യത്തിന് സ്റ്റോക്ക് സൂക്ഷിച്ചിട്ടുണ്ടെന്നും വിലക്കയറ്റം ഉപയോക്താക്കളെ നേരിട്ട് ബാധിക്കില്ലെന്നുമാണ് വ്യാപാരികൾ പറയുന്നത്. വില ഉയർന്നത് വിൽപനയെ ബാധിക്കുമോയെന്ന ആശങ്ക ചില വ്യാപാരികൾക്കുണ്ട്. കഴിഞ്ഞ ഉൽസവകാലത്തേക്കാൾ ഗൃഹോപകരണങ്ങൾക്ക് 15% വില വർധിച്ചു. എന്നാൽ ജിഎസ്ടി നിരക്കിൽ 10% ഇളവ് ലഭിച്ചതിനാൽ മൊത്തത്തിലുള്ള വിലക്കയറ്റം 5% മാത്രമായിരിക്കുമെന്നും കമ്പനികളുടെ വാദം.

ഏറ്റവും കൂടുതൽ വില വർധിക്കുന്നത് എയർ കണ്ടിഷനറുകൾക്കാണെന്നാണ് സൂചന. ഒക്ടോബർ ഒന്നു മുതൽ 5-7 ശതമാനം വരെ വില ഉയർത്തുമെന്ന് ഹയർ അറിയിച്ചിട്ടുണ്ട്. കമ്പനി വിപണിയിലെത്തിക്കുന്ന എൽഇഡി ടിവി, വാഷിങ് മെഷീൻ, റഫ്രിജറേറ്റർ പോലുള്ള ഉൽപന്നങ്ങൾക്ക് നാലു ശതമാനം വരെയും വില ഉയരും. 5-7% വരെ വില ഉയർത്തുമെന്ന് വോൾട്ടാസ് വിതരണക്കാരെ അറിയിച്ചിട്ടുണ്ട്. എൽജിയും സമാന അറിയിപ്പ് നൽകിയിട്ടുണ്ടെന്നാണ് വിവരം. 5-8% വരെ വില ഉയർത്തുമെന്ന് ബ്ലൂ സ്റ്റാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഡയ്ക്കിൻ, ഗോദ്റേജ്, , ബോഷ് തുടങ്ങിയ കമ്പനികളും എസി വില വർധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റ് കമ്പനികൾ വില വർധന എപ്പോൾ നടപ്പിലാക്കുമെന്ന കാര്യത്തിൽ ആലോചന നടത്തുകയാണെന്നും വിവരം.

എസി പോലെ വലിയ രീതിയിൽ വില കയറുന്ന മറ്റൊരു ഉൽപന്നമാണ് ടിവി. മെമ്മറി ചിപ്പുകളുടെ വിലയും ഗതാഗത ചെലവും വർധിച്ചതാണ് പ്രധാന കാരണമായി കമ്പനികൾ ചൂണ്ടിക്കാട്ടുന്നത്. ചെറിയ സ്ക്രീനുകളുള്ള ടിവിയുടെ വില 20% വരെ വർധിച്ചേക്കും. മറ്റുള്ളവയ്ക്ക് 10% വില വർധനയുണ്ടാകുമെന്നും വിവരം.




## പ്രീപെയ്ഡ് റീച്ചാർജ് നിയമങ്ങളിൽ വലിയ മാറ്റം: 30 ദിവസത്തെ പ്ലാനുകൾ അവതരിപ്പിച്ച് ട്രായ്

**ന്യൂദൽഹി:** പ്രീപെയ്ഡ് മൊബൈൽ ഉപഭോക്താക്കൾക്ക് ആശ്വാസമേകി ടെലികോം നിർദേശങ്ങളിൽ നിർണായക ഭേദഗതിയുമായി ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ. 28 ദിവസത്തെ റീച്ചാർജ് കാലാവധിക്ക് പകരം ഇനി മുതൽ കൃത്യം 30 ദിവസത്തെ വാലിഡിറ്റിയുള്ള പ്ലാനുകൾ കമ്പനികൾ നൽകണം. ഇതോടെ ഉപഭോക്താക്കൾ പ്രതിവർഷം ചെയ്യേണ്ട റീച്ചാർജുകളുടെ എണ്ണം 13-ൽ നിന്ന് 12 ആയി കുറയും.

ട്രായ് കൊണ്ടുവന്ന പുതിയ ഭേദഗതിപ്രകാരം, ഇനിമുതൽ വോയ്സ് കോളും എസ്എംഎസും മാത്രം ഉൾപ്പെടുന്ന 30 ദിവസത്തെയും അതിൽ താഴെയുമുള്ള പ്രത്യേക പ്ലാനുകൾ ടെലികോം കമ്പനികൾ നിർബന്ധമായും നൽകേണ്ടിവരും.



## ഇന്ത്യൻ ഹോം ക്രിക്കറ്റ് മത്സരങ്ങളുടെ ടൈറ്റിൽ സ്പോൺസറായി മുത്തൂറ്റ് ഫിൻകോർപ്പ് (മുത്തൂറ്റ് ബ്ലൂ)

**കൊച്ചി:** ഇന്ത്യയിൽ നടക്കുന്ന എല്ലാ ആഭ്യന്തര ക്രിക്കറ്റ് മത്സരങ്ങളുടെയും അന്താരാഷ്ട്ര പരമ്പരകളുടെയും ടൂർണമെന്റുകളുടെയും പുതിയ ടൈറ്റിൽ സ്പോൺസറായി മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് മാറി.

ഇന്ത്യയുടെ സീനിയർ പുരുഷ ദേശീയ ടീം, സീനിയർ വനിതാ ദേശീയ ടീം, ഇന്ത്യ എ പുരുഷ ടീം, ഇന്ത്യ ബി പുരുഷ ടീം, ഇന്ത്യ എ വനിതാ ടീം, അണ്ടർ-19 പുരുഷ-വനിതാ ടീമുകൾ, മറ്റ് നിയുക്ത ടീമുകൾ എന്നിവയുടെ മത്സരങ്ങളെല്ലാം ഈ സ്പോൺസർഷിപ്പിന്റെ പരിധിയിൽ വരും. ഇതിനുപുറമെ രഞ്ജി ട്രോഫി, ഇറാനി കപ്പ്, ദുലീപ് ട്രോഫി, വിജയ് ഹസാരെ ട്രോഫി, ദിയോധർ ട്രോഫി, സയ്യിദ് മുഷ്താഖ് അലി ട്രോഫി തുടങ്ങിയ പ്രധാന ആഭ്യന്തര മത്സരങ്ങളും ഇതിൽ ഉൾപ്പെടുന്നു.

ഇന്ത്യൻ ജനതയുമായി മികച്ച ബന്ധം സ്ഥാപിക്കാൻ ക്രിക്കറ്റ് അവസരമൊരുക്കുന്നുവെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ജോയിന്റ് മാനേജിംഗ് ഡയറക്ടർ തോമസ് ജോർജ് മുത്തൂറ്റ് പറഞ്ഞു. ദേശീയ-ആഭ്യന്തര തലങ്ങളിൽ ഉടനീളം ഇന്ത്യൻ ക്രിക്കറ്റിന് പിന്തുണ നൽകാനുള്ള കമ്പനിയുടെ ഉറപ്പാണ് ബിസിസിഐയുമായുള്ള ഈ കൂട്ടായ്മ വ്യക്തമാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയുടെ സീനിയർ-ജൂനിയർ ടീമുകളും പ്രധാന ആഭ്യന്തര ടൂർണമെന്റുകളും ഉൾപ്പെടുന്ന ഈ വിശാലമായ കൂട്ടായ്മയിലൂടെ ഓരോ ഇന്ത്യക്കാരന്റെയും ദൈനംദിന ജീവിതത്തിന്റെ ഭാഗമാകാൻ കമ്പനിക്ക് അവസരം ലഭിക്കുകയാണെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഷാജി വർഗീസ് വ്യക്തമാക്കി.

ദേശീയ ടീമുകളെയും ആഭ്യന്തര മത്സരങ്ങളെയും വിവിധ തലങ്ങളിലുള്ള താരങ്ങളെയും ഒരുമിച്ച് കൊണ്ടുവരുന്നതാണ് ഇന്ത്യൻ ക്രിക്കറ്റിലെ ഹോം സീസണെന്ന് ബിസിസിഐ പ്രസിഡന്റ് മിഥുൻ മൻഹാസ് പറഞ്ഞു. ടൈറ്റിൽ സ്പോൺസർ എന്ന നിലയിലുള്ള മുത്തൂറ്റ് ഫിൻകോർപ്പിന്റെ പങ്കാളിത്തം ഇന്ത്യൻ ക്രിക്കറ്റിന്റെ കരുത്തും രാജ്യത്തുടനീളമുള്ള ജനങ്ങളുമായുള്ള ആത്മബന്ധവും വ്യക്തമാക്കുന്നതാണ്. മുത്തൂറ്റ് ഫിൻകോർപ്പിന്റെ ബ്രാൻഡ് നിറമായ നീലയും ഇന്ത്യൻ ക്രിക്കറ്റിലെ 'മെൻ ആൻഡ് വുമൺ ഇൻ ബ്ലൂ' ടീമും തമ്മിൽ സ്വാഭാവികമായ ഒരു ബന്ധമുണ്ടെന്നും, അവരെ ബിസിസിഐ കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയുടെ ഹോം സീസൺ നമ്മുടെ ക്രിക്കറ്റ് ഘടനയുടെ പൂർണ്ണരൂപമാണെന്ന് ബിസിസിഐ ഓണററി സെക്രട്ടറി ദേവജിത് സൈകിയ വ്യക്തമാക്കി. സീനിയർ ദേശീയ ടീമുകൾ മുതൽ ആഭ്യന്തര മത്സരങ്ങൾ വരെയുള്ളവയ്ക്ക് ഇന്ത്യൻ ക്രിക്കറ്റിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുണ്ട്. കളിക്കാർക്ക് മികച്ച അവസരങ്ങൾ ഒരുക്കുന്നതിനും ആരാധകർക്ക് ഉയർന്ന നിലവാരമുള്ള ക്രിക്കറ്റ് ആസ്വദിക്കാനും മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നതിൽ വലിയ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബിസിസിഐയുടെ ദേശീയ ടീമുകളിലൂടെയും പ്രധാന ആഭ്യന്തര മത്സരങ്ങളിലൂടെയും ഇന്ത്യയിലുടനീളമുള്ള ക്രിക്കറ്റ് ആരാധകരുമായി ബന്ധം സ്ഥാപിക്കാൻ ഈ പങ്കാളിത്തം മുത്തൂറ്റ് ഫിൻകോർപ്പിനെ സഹായിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പരിസ്ഥിതി ലോല പ്രദേശം 8,590.69 ചതുരശ്ര കി.മി ആക്കണം: കേരളം കേന്ദ്രത്തിന് നിർദേശങ്ങൾ

**തിരുവനന്തപുരം:** ജനവാസമേഖലകൾ, കൃഷി സ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയെ പൂർണമായും ഒഴിവാക്കി സംസ്ഥാനത്തിന്റെ പരിസ്ഥിതി ലോല പ്രദേശം (ഇ എസ് എ) 8,590.69 ചതുരശ്ര കിലോമീറ്ററാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന നിർദേശം കേരളം കേന്ദ്രത്തിന് സമർപ്പിച്ചു. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് നോട്ടിഫിക്കേഷനിൽ ഭേദഗതികളും നിർദേശങ്ങളും സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് വിശദ പഠനങ്ങളുടേയും പൊതു അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ നിർദേശങ്ങൾ കൈമാറിയതെന്ന് പരിസ്ഥിതി വകുപ്പ് മന്ത്രി സണ്ണി ജോസഫ് സെക്രട്ടേറിയറ്റിലെ പി ആർ ചേംബറിൽ നടന്ന വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

2013ലെ കസ്തൂരിരംഗൻ റിപ്പോർട്ടിൽ കേരളത്തിലെ 123 വില്ലേജുകളിലായി 13,108 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് ഇഎസ്എ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നത്. തുടർന്നുണ്ടായ ജനകീയ പ്രക്ഷോഭങ്ങളെ തുടർന്ന് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരമാണ് വനമേഖലയും വനേതര പ്രദേശവും തിരിച്ച് വിസ്തൃതി 9,993.7 ചതുരശ്ര കിലോമീറ്ററായി പരിമിതപ്പെടുത്തിയത്. ഇതിൽ 9107 ചതുരശ്ര കിലോമീറ്റർ പ്രദേശം വനഭൂമിയും 886.7 സ്ക്വയർ കിലോമീറ്റർ വനേതര പ്രദേശവും ആണുള്ളത്. 2014 മാർച്ച് 10ലെ നോട്ടിഫിക്കേഷൻ മുതൽ 2026 ജൂലൈ 27ലെ വിജ്ഞാപനം വരെ ഈ നിലപാടാണ് തുടർന്നു പോന്നത്. എന്നാൽ നിലവിൽ കൃത്യമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് വനേതര ഭാഗങ്ങൾ പൂർണ്ണമായും ഒഴിവാക്കി പരിധി 8,590.69 ചതുരശ്ര കിലോമീറ്ററാക്കാൻ സംസ്ഥാനം ആവശ്യപ്പെടുന്നത്.



കുറഞ്ഞ ഭൂവിസ്തൃതിയും ഉയർന്ന ജനസാന്ദ്രതയുമുള്ള കേരളത്തിൽ മൊത്തം ഭൂവിസ്തൃതിയുടെ 29.15 ശതമാനവും വനപ്രദേശമാണ്. ഇതിൽ 23 വന്യജീവി സങ്കേതങ്ങളും സംരക്ഷിത പ്രദേശങ്ങളും ഉൾപ്പെടുന്നു. നെൽവയൽതണ്ണീർത്തട സംരക്ഷണ നിയമം, മരംമുറി നിയന്ത്രണ നിയമങ്ങൾ തുടങ്ങി ശക്തമായ പരിസ്ഥിതി നിയമങ്ങൾ നിലനിൽക്കുന്ന സംസ്ഥാനത്ത് ജനവാസ മേഖലകളിൽ വീണ്ടും ഇഎസ്എ നിയന്ത്രണങ്ങൾ വരുന്നത് കാർഷിക മേഖലയെയും ജനജീവിതത്തെയും പ്രതികൂലമായി ബാധിക്കും.

ഡോ. സഞ്ജയ് കുമാറിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര വിദഗ്ധ സമിതിയെ തിരുവനന്തപുരത്തെത്തിച്ച് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സാന്നിധ്യത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ ബോധ്യപ്പെടുത്തിയിരുന്നു. വരുന്ന നിയമസഭാ സമ്മേളനത്തിൽ ഇത് സംബന്ധിച്ച് ഐക്യകണ്ഠ്യേനയുള്ള പ്രമേയം പാസാക്കും. കഴിഞ്ഞ 13 വർഷമായി നീളുന്ന ഈ വിഷയത്തിൽ അന്തിമ തീരുമാനമുണ്ടാക്കാൻ ആവശ്യമെങ്കിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം ഡൽഹിയിലെത്തി കേന്ദ്ര മന്ത്രിമാരെ കാണും. പരിഷ്കരിച്ച ഇഎസ്എ പ്ലാനും മാപ്പും സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.



## പി.എഫ് വേതന പരിധി: ബോധവത്കരണ സെമിനാർ

**കോഴിക്കോട്:** എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് (ഇ.പി.എഫ്) പ്രതിമാസ വേതന പരിധി 25,000 രൂപയായി ഉയർത്തിയതുമായി ബന്ധപ്പെട്ട് ഗവ. സൈബർപാർക്കിൽ ജീവനക്കാർക്കായി പ്രത്യേക ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. സൈബർപാർക്കിലെ സഹ്യ കോൺഫറൻസ് ഹാളിലാണ് പരിപാടി നടന്നത്.

കേന്ദ്ര സർക്കാരിന്റെ പുതിയ ഭേദഗതി, അതിന്റെ പ്രായോഗിക വശങ്ങൾ, പുതിയ ജീവനക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ വിശദീകരിക്കാനാണ് സെമിനാർ സംഘടിപ്പിച്ചത്. കോഴിക്കോട് ഇ.പി.എഫ് റീജിയണൽ ഓഫീസിലെ എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ചന്ദ്രഭാനു വി.വി, സുരേന്ദ്രൻ കെ എന്നിവർ സെമിനാറിന് നേതൃത്വം നൽകുകയും പങ്കെടുത്തവരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

സൈബർപാർക്കിലെ വിവിധ കമ്പനികളിലെ എച്ച്.ആർ പ്രതിനിധികളും ജീവനക്കാരും പങ്കെടുത്ത സെമിനാർ പുതിയ മാറ്റങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നതിന് ഏറെ സഹായകരമായി. തൊഴിൽ നിയമഭേദഗതികളെ കുറിച്ചുള്ള വ്യക്തമായ ധാരണ ഐ.ടി മേഖലയിലെ തൊഴിൽ അന്തരീക്ഷത്തിനും നിയമപരമായ അവബോധത്തിനും പ്രയോജനകരമാണെന്ന് സൈബർപാർക്ക് അധികൃതർ വ്യക്തമാക്കി.



## സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വിജിലൻസ് സേവനങ്ങളിലെ സുതാര്യത ഉറപ്പാക്കും: മന്ത്രി രമേശ് ചെന്നിത്തല

**തിരുവനന്തപുരം:** വിജിലൻസ് പ്രവർത്തനങ്ങളിലും സേവനങ്ങളിലും സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുമെന്ന് ആഭ്യന്തര-വിജിലൻസ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സ്വന്തമായി വികസിപ്പിച്ച സംയോജിത ഡിജിറ്റൽ പ്ലാറ്റ്ഫോം 'വിഎസിബി സ്യൂട്ട് 3.0'യുടെ ലോഞ്ചിംഗ് തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിംഗ് കോളജ് ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ഡാറ്റ അധിഷ്ഠിതവും പ്രോആക്ടീവുമായ സാങ്കേതിക പ്രവർത്തനങ്ങൾ ജനാധിപത്യ ഭരണസംവിധാനത്തോടുള്ള വിശ്വാസം വർധിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. 'വിഎസിബി സ്യൂട്ട് 3.0' ലൂടെ കേസുകളുടെ അന്വേഷണ പുരോഗതിയും അനുബന്ധ വിവരങ്ങളും തത്സമയം പരിശോധിക്കാനാകും. ഫയലുകളിലെ കാലതാമസം ഒഴിവാക്കാനും അന്വേഷണ ഉദ്യോഗസ്ഥർക്ക് കൃത്യമായ മാർഗനിർദേശങ്ങൾ വേഗത്തിൽ ലഭ്യമാക്കാനും ഡാറ്റാ സുരക്ഷിതത്വം ഉറപ്പാക്കാനും ഈ ഡിജിറ്റൽ സംവിധാനത്തിലൂടെ കഴിയും.

മുപ്പത് വർഷത്തിന് ശേഷമാണ് വിജിലൻസ് മാനുവൽ സമഗ്രമായി പരിഷ്കരിച്ചതെന്നും അതിന്റെ അടിസ്ഥാനത്തിലാണ് വകുപ്പിൽ സമഗ്രമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു. ഏകദേശം ഒരു കോടിയിലധികം രൂപ ചെലവ് വരുമായിരുന്ന സംവിധാനമാണ് വിജിലൻസ് സ്വന്തം നിലയിൽ വികസിപ്പിച്ചെടുത്തത്. വിജിലൻസിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരാണ് പുതിയ ആപ്ലിക്കേഷൻ പൂർണമായും വികസിപ്പിച്ചത് എന്നത് അഭിമാനകരമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

അഴിമതിമുക്ത ഭരണത്തിനായി വിജിലൻസ് മികച്ച പദ്ധതികൾ നടപ്പാക്കിവരികയാണ്. 'പ്രൊജക്ട് സീറോ'യിലൂടെ കഴിഞ്ഞ 114 ദിവസത്തിനിടെ 38 കേസുകൾ രജിസ്റ്റർ ചെയ്യുകയും 115 ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം ആരംഭിക്കുകയും ചെയ്തു. കൈക്കൂലി വാങ്ങിയ 12 പേരെ ട്രാപ്പ് ഓപ്പറേഷനിലൂടെ പിടികൂടി. 'ഓപ്പറേഷൻ പാർപ്പിടം' പരിശോധനയിൽ 45 ലക്ഷം രൂപയുടെയും റേഷൻ ഗോഡൗൺ പരിശോധനയിൽ 18 ലക്ഷം രൂപയുടെയും സാമ്പത്തിക ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തിയതായും മന്ത്രി പറഞ്ഞു.

വിഎസിബി സ്യൂട്ട് 3.0 യൂസർ മാനുവൽ പ്രകാശനം, വിജിലൻസ് ഉദ്യോഗസ്ഥർക്ക് മികച്ച സേവനത്തിനുള്ള ബാഡ്ജ് ഓഫ് ഓണർ, പുതുതായി രൂപകൽപ്പന ചെയ്ത യൂണിഫോം ജാക്കറ്റിന്റെ വിതരണം എന്നിവ ചടങ്ങിൽ മന്ത്രി നിർവഹിച്ചു.

സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ അധ്യക്ഷനായ ചടങ്ങിൽ വിജിലൻസ് ഡയറക്ടർ മനോജ് എബ്രഹാം സ്വാഗതം ആശംസിച്ചു. മുൻ ഡിജിപി എ ഹേമചന്ദ്രൻ, വിജിലൻസ് ഹെഡ്ക്വാട്ടേഴ്സ് എസ് പി എസ് ആർ. ജ്യോതിഷ് കുമാർ, വിജിലൻസ് ഇന്റലിജൻസ് എസ് പി ഉജ്ജ്വൽ കുമാർ, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, വിജിലൻസ് വകുപ്പിലെ ജീവനക്കാർ എന്നിവർ പങ്കെടുത്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY



# ശബരിമല തീർഥാടനം
# സുരക്ഷയ്ക്കായി വിപുലമായ പോലീസ് സംവിധാനം ഉറപ്പാക്കും: മന്ത്രി

**തിരുവനന്തപുരം:** ശബരിമല തീർഥാടനത്തോടനുബന്ധിച്ച് തീർഥാടകരുടെ സുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കാൻ വിപുലമായ പോലീസ് സംവിധാനം ഒരുക്കുമെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല. പോലീസ് മുന്നൊരുക്കങ്ങൾ വിലയിരുത്താൻ മന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടേറിയറ്റിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം.

തിരക്ക് നിയന്ത്രിക്കുന്നതിന് തീർഥാടകർ വെർച്വൽ ക്യു സംവിധാനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന ബോധവത്കരണം നടത്തും. തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, കർണാടക എന്നിവിടങ്ങളിലെ പോലീസ് മേധാവികൾക്ക് ഇത് സംബന്ധിച്ച് കേരള ഡിജിപി നേരിട്ട് അറിയിപ്പ് നൽകും. പ്രാദേശിക ഭാഷകളിൽ വാർത്താക്കുറിപ്പുകളും സാമൂഹിക മാധ്യമ പ്രചാരണങ്ങളും നടത്തുന്നതിനൊപ്പം പ്രധാന കേന്ദ്രങ്ങളിൽ സൈൻ ബോർഡുകളും അനൗൺസ്മെന്റ് സംവിധാനങ്ങളും ഒരുക്കും.

ഡ്യൂട്ടിയിലുള്ള പോലീസുകാർ തീർഥാടകരോട് സൗഹൃദപരവും സഹാനുഭൂതിയോടെയുമുള്ള സമീപനം സ്വീകരിക്കണമെന്ന് മന്ത്രി നിർദേശിച്ചു. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെയും ഫയർ ആൻഡ് റെസ്ക്യൂ ഫോഴ്സിന്റെയും സേവനം കാര്യക്ഷമമായി വിന്യസിക്കും. മരക്കൂട്ടം ഉൾപ്പെടെയുള്ള പ്രധാന പാതകളിലെ ഫയർ ഹൈഡ്രന്റുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കാൻ മോക്ക് ടെസ്റ്റുകളും നടത്തും. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ സുരക്ഷാ സംവിധാനങ്ങളും പോലീസ് സേവനങ്ങളും കുറ്റമറ്റ രീതിയിൽ ഏകോപിപ്പിക്കും.

തീർഥാടകരുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലയ്ക്കലിലും ചക്കുപാലത്തും പാർക്കിങ് സൗകര്യം കാര്യക്ഷമമാക്കും. ചക്കുപാലത്തെ മണ്ണ് നീക്കി 400 മുതൽ 500 വരെ അധിക വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യമൊരുക്കും. മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് തീർഥാടക വാഹനങ്ങളുടെ ഫിറ്റ്നസും വേഗവും കർശനമായി പരിശോധിക്കും.

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ സിസിടിവി നിരീക്ഷണം ശക്തിപ്പെടുത്തി പോലീസ് കൺട്രോൾ റൂമുമായി ബന്ധിപ്പിക്കും. കുന്നാർ ഡാം, പാണ്ടിത്താവളത്തെ വാട്ടർ ടാങ്ക്, എൽപിജി സിലിണ്ടർ സംഭരണ കേന്ദ്രങ്ങൾ, വെടിമരുന്ന് സൂക്ഷിപ്പ് എന്നിവയ്ക്ക് പ്രത്യേക സുരക്ഷ ഏർപ്പെടുത്തും. ആവശ്യമായ സ്ഥലങ്ങളിൽ മതിയായ വെളിച്ചവും ഉറപ്പാക്കും.

സന്നിധാനത്തും പമ്പയിലും വ്യാപാരസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് നിർബന്ധമായും പോലീസ് വെരിഫിക്കേഷൻ നടത്തണം. ഇവർ തിരിച്ചറിയൽ കാർഡ് കൈവശം വെക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. പമ്പാ നദിയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നത് കർശനമായി തടയും.

ഡ്യൂട്ടിയിലുള്ള പോലീസുകാർക്ക് ഗുണനിലവാരമുള്ള ഭക്ഷണം, ശുചിത്വമുള്ള താമസസൗകര്യം, കുടിവെള്ളം എന്നിവ ഉറപ്പാക്കും. പോലീസ് ക്യാമ്പുകളുടെയും ശുചിമുറികളുടെയും അറ്റകുറ്റപ്പണികൾ നവംബർ ഒന്നിന് മുമ്പായി പൂർത്തിയാക്കാനും മന്ത്രി നിർദേശം നൽകി.

ദേവസ്വം മന്ത്രി കെ. മുരളീധരൻ, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിൻഹാജ് ആലം, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ, ശബരിമല ചീഫ് പോലീസ് കോഓർഡിനേറ്റർ പി. വിജയൻ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



# ബജറ്റ് ടൂറിസം പദ്ധതിയുമായി ജലഗതാഗത വകുപ്പ്

**വൈക്കം:** വൈക്കത്തെ ഉൾനാടൻ ജലാശയങ്ങളിലേക്ക് വിദേശ ആഭ്യന്തര വിനോദ സഞ്ചാരികൾ കൂടുതലായി എത്തുന്നതു കണക്കിലെടുത്ത് കുറഞ്ഞ നിരക്കിൽ സഞ്ചാരികൾക്ക് വേമ്പനാട്ടുകായലിന്റെയും പുഴകളുടെയും ദൃശ്യ മനോഹാരിത അനുഭവവേദ്യമാക്കാൻ ജലഗതാഗത വകുപ്പും ബജറ്റ് ടൂറിസം പദ്ധതി ആരംഭിക്കുന്നു. വൈക്കം കെഎസ്ആർടിസി ബജറ്റ് ടൂറിസവുമായി ബന്ധപ്പെട്ട് കൈവരിച്ച മികച്ച വിജയത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ജലഗതാഗത വകുപ്പും വൈക്കത്ത് വിനോദ സഞ്ചാരമേഖലയ്ക്ക് ഊന്നൽ നൽകുന്നത്.

വൈക്കംമുറിഞ്ഞപുഴ, പാതിരാമണൽ തുടങ്ങി വൈക്കത്തെ വിവിധ പ്രദേശങ്ങളെ കൂട്ടിയിണക്കി ടൂറിസം പാക്കേജ് തയാറാക്കാനാണ് ജലഗതാഗത വകുപ്പ് പദ്ധതി തയാറാക്കുന്നത്. ഇതിനായി ഒരുക്കുന്ന വേഗ ത്രീ സോളാർ ബോട്ട് നിർമാണത്തിൻറെ അവസാന ഘട്ടത്തിലാണ്. ഇതിനുപുറമെ വൈക്കംഎറണാകുളമായി സർവീസ് നടത്തിയിരുന്ന വേഗ 120 ഹൈസ് സ്പീഡ് എസി ബോട്ട് വൈക്കംഎറണാകുളം സർവീസ് അവസാനിപ്പിച്ചതിനെത്തുടർന്ന് വിനോദ സഞ്ചാരമേഖലയിൽ സർവീസ് നടത്താനുള്ള നീക്കത്തിലാണ്.

സ്വകാര്യ ബോട്ടുകൾ നിലവിൽ വൈക്കം കായലിലും പുഴയിലും സവാരി നടത്താൻ ഒരാളിൽനിന്ന് 1000 രൂപയാണ് ഈടാക്കുന്നത്. ഇത്തരത്തിൽ നിരവധി ബോട്ടുകൾ സർവീസ് നടത്തുന്ന പശ്ചാത്തലത്തിൽ 300, 400 രൂപ നിരക്കിൽ ജലഗതാഗത വകുപ്പിന് സർവീസ് നടത്താനാകുമെന്ന് ജലഗതാഗത വകുപ്പ് അധികൃതർ പറയുന്നു. വൈക്കം ജെട്ടിയിൽ നിന്ന് മുറിഞ്ഞപുഴ വഴി മത്സ്യഫെഡിന്റെ ചെമ്പ് കാട്ടിക്കുന്നിലെ പാലാക്കരി ഫിഷ് ഫാമും തണ്ണീർമുക്കം ബണ്ടും തുരുത്തുകളും പാതിരാമണലുമൊക്കെ ബന്ധിപ്പിച്ചുള്ള വിനോദ സഞ്ചാരയാത്ര അധികം വൈകാതെ ഉണ്ടാകുമെന്നാണ് ജലഗതാഗത വകുപ്പ് അധികൃതർ പറയുന്നത്.

കായലും പുഴകളും കനാലുകളുമായി ജലസമൃദ്ധമായ വൈക്കത്തെ ഗ്രാമഭംഗിയുടെ മനോഹാരിത നുകരാൻ ഹൗസ് ബോട്ടുകളിലും നാടൻ വഞ്ചികളിലും ഉൾപ്രദേശങ്ങളുടെ സ്വച്ഛതയിലേക്ക് വരുന്നത് കൂടുതലും വിദേശികളാണ്. കരിയാറിലൂടെ വേമ്പനാട്ടു കായലിലേക്കും വൈക്കത്തെ വിനോദസഞ്ചാരത്തിന്റെ പറുദീസയായി സഞ്ചാരികൾ നെഞ്ചിലേറ്റുന്ന മുണ്ടാറിലേക്കും എത്തുന്ന സഞ്ചാരികളുടെ എണ്ണം ദിനംപ്രതി വർധിക്കുകയാണ്. വൈക്കത്തെ മുറിഞ്ഞപുഴ, ഇത്തിപ്പുഴ, പുത്തൻകായൽ, വൈക്കം കായലോര ബീച്ച് തുടങ്ങിയ സ്ഥലങ്ങളും സഞ്ചാരികളുടെ മനം കവരുകയാണ്.

# യുവ വ ഡോക്യുമെന്ററി ചലച്ചിത്ര പ്രവർത്തകർക്കായി പ്രത്യേക പദ്ധതി നടപ്പാക്കും: മന്ത്രി പി സി വിഷ്ണുനാഥ്

**തിരുവനന്തപുരം:** യുവ ഡോക്യുമെന്ററി ചലച്ചിത്ര പ്രവർത്തകരെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ പ്രത്യേക പദ്ധതി അലോചിക്കുന്നുണ്ടെന്ന് സാംസ്കാരിക വകുപ്പു മന്ത്രി പി.സി വിഷ്ണുനാഥ്. പതിനെട്ടാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്ര മേളയുടെ ഉദ്ഘാടനം കൈരളി തിയറ്ററിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചലച്ചിത്ര അക്കാദമി, ഫിലിം സൊസൈറ്റികൾ, സർവകലാശാലകൾ, മാധ്യമസ്ഥാപനങ്ങൾ എന്നിവയെ കോർത്തിണക്കിയാകും പദ്ധതി നടപ്പിലാക്കുക. രാജ്യത്ത് ആദ്യമായി കേരളമാണ് സിനിമയ്ക്ക് വ്യവസായ പദവി നൽകുന്നത്. ഇതിലൂടെ ചലച്ചിത്ര മേഖലയെയും പ്രവർത്തകരെയും പ്രോത്സാഹിക്കാൻ സർക്കാരിനാവുന്നതെല്ലാം ചെയ്യും. ചലച്ചിത്ര മേളകളിൽ പ്രതിനിധിയായി പങ്കെടുത്ത നിരവധി പേർ ഈ മേഖലയിൽ പ്രഗദ്ഭരായി മാറി. മേളയുടെ വർധിക്കുന്ന പ്രസക്തിയുടെ തെളിവാണിത്. ഈ മേളയിലേക്ക് തെരഞ്ഞെടുത്ത ചിത്രങ്ങളിൽ 31 എണ്ണത്തിന് പ്രദർശനാനുമതി ലഭിച്ചിട്ടില്ല. ഇത് കൂടി പ്രദർശിപ്പിക്കാൻ നിയമപരമായി സർക്കാർ ശ്രമം തുടരുകയാണെന്നും മന്ത്രി പറഞ്ഞു.

ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. നമുക്ക് മാത്രമാണ് രാജ്യത്ത് ഡോക്യുമെന്ററിക്കും ഹ്രസ്വചിത്രത്തിനുമായി ഒരു മേളയുള്ളത് എന്നത് അഭിമാനമാണെന്ന് അദ്ദേഹം പറഞ്ഞു. മേളയുടെ ഡെയിലി ബുള്ളറ്റിൻ പ്രകാശനം നോൺ ഫിക്ഷൻ ജൂറി ചെയർപേഴ്സൺ രുചിർ ജോഷിയിൽ നിന്ന് ജൂറി നോൺ ഫിക്ഷൻ അംഗമായ ലിപിക സിംങ് ധാരായി ഏറ്റുവാങ്ങി നിർവഹിച്ചു. ഫെസ്റ്റിവൽ കാറ്റലോഗ് ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണനിൽ നിന്ന് നോൺ ഫിക്ഷൻ ജൂറി അംഗമായ മൃണ്മയി ലഗു ഏറ്റുവാങ്ങി.

ചലച്ചിത്ര അക്കാദമിയുടെ ഫെല്ലോഷിപിന് അർഹമായ പുസ്തകങ്ങളായ തിരയാട്ടം, സിനിമയെ കേൾക്കുമ്പോൾ, വേഷങ്ങളുടെ ദൃശ്യഭാഷ എന്നിവയും ചടങ്ങിൽ പ്രകാശനം ചെയ്തു.




സാംസ്കാരിക വകുപ്പ് ഡയറക്ടർ ഇമ്പശേഖർ കെ അധ്യക്ഷനായി. രുചിർ ജോഷി, ലിപിക സിംങ് ധാരായി, സഞ്ജു സുരേന്ദ്രൻ, മൃന്മയി ലഗു, അരുൺ കാർത്തിക്ക് എന്നിവർ സംസാരിച്ചു. ഫെസ്റ്റിവൽ ഇൻ ചാർജ് എൻ. പി സജീഷ് കൃതജ്ഞത രേഖപ്പെടുത്തി.



യു.പി.ഐ ഇടപാടുകൾക്ക് അമിത ഫീസ് ഈടാക്കാനുള്ള നടപടിയിൽ പ്രതിഷേധിച്ച് കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മിറ്റി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന് ഇ-മെയിലിലൂടെ പ്രതിഷേധ സന്ദേശം അയക്കുന്നതിന്റെ ജില്ലാ തല ഉദ്ഘാടനം കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ് നിർവ്വഹിക്കുന്നു. എഡ്വേർഡ് ഫോസ്റ്റസ്, ടെൻസൺ തേവര, ദീപു ജോസഫ്, സി.എസ്.രാമചന്ദ്രൻ,പ്രദീപ് ജോസ്, ജിമ്മി ചക്യത്ത്,അബ്ദുൾ ഷുക്കൂർ, എം.സി.പോൾസൺ, പി.എ.കബീർ, ഷാജഹാൻ അബ്ദുൾ ഖാദർ,ജയ പീറ്റർ, കെ.ടി.ജോയി,ജംഷീർ വാഴയിൽ, കെ.നടരാജൻ എന്നിവർ സമീപം.

# യു.പി.ഐ ഇടപാടിന് ഫീസ് : കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് പ്രിതിഷേധിച്ച് ഇ–മെയിൽ ചലഞ്ച്

**കൊച്ചി:** യു.പി.ഐ ഇടപാടുകൾക്ക് അമിത ഫീസ് ഈടാക്കാനുള്ള നടപടിയിൽ പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മിറ്റി ഇ-മെയിൽ ചലഞ്ച് നടത്തി. സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രിതിഷേധത്തിന്റെ ഭാഗമായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനാണ് ഇ മെയിലിൽ പ്രിതിഷേധ സന്ദേശങ്ങൾ അയക്കുന്നത്. എറണാകുളം ജില്ലായിലെ മുഴുവൻ യൂണിറ്റുകളിൽ നിന്നും പ്രവർത്തകർ ഇ-മെയിൽ ചലഞ്ചിൽ പങ്കെടുത്തുവെന്ന് യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റും, സംസ്ഥാന വർക്കിംഗ് പ്രസിഡന്റുമായ പ്രദീപ് ജോസ് പറഞ്ഞു. ഇ-മെയിൽ ചലഞ്ചിന്റെ ജില്ലാ തല ഉദ്ഘാടനം ജില്ലാ വ്യാപാര ഭവനിൽ കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ പ്രസിഡന്റും, സംസ്ഥാന ട്രഷററുമായ പി.സി.ജേക്കബ് നിർവ്വഹിച്ചു.ജില്ലാ ജനറൽ സെക്രട്ടറി സി.എസ്.രാമചന്ദ്രൻ, ട്രഷറർ പി.എ.കബീർ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, വർക്കിംഗ് ജനറൽ സെക്രട്ടറി ഷാജഹാൻ അബ്ദുൾ ഖാദർ, ജില്ലാ വൈസ് പ്രസിഡന്റ് എം.സി.പോൾസൺ, എറണാകുളം നിയോജകമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, ട്രഷറർ അബ്ദുൾ ഷുക്കൂർ, ജില്ലാ സെക്രട്ടറി കെ.ടി.ജോയി, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, യൂത്ത് വിംഗ് ഭാരവാഹികളായ ദീപു ജോസഫ്, ജംഷീർ വാഴയിൽ, ടെൻസൺ തേവര, കെ.നടരാജൻ എന്നിവർ പ്രസംഗിച്ചു.




ഇന്ത്യൻ അസോസിയേഷൻ ഓഫ് ട്രോമ ആൻഡ് ക്രിട്ടിക്കൽ കെയർ കോലഞ്ചേരി എം.ഒ.എസ്.സി മെഡിക്കൽ കോളേജിൽ സംഘടിപ്പിച്ച 13-ാമത് ദേശീയ സമ്മേളനം ട്രോമസിക്കോൺ2026 വി.പി. സജീന്ദ്രൻ എം.എൽ.എ.ഉദ്ഘാടനം ചെയ്യുന്നു. ഡോ.പി.ആർ. റെൻജിൻ , ഡോ. എൻ.ആർ.സജികുമാർ , അജു ജേക്കബ്, ഡോ. വർഗീസ് പോൾ, ഡോ. രാജശേഖർ മോഹൻ, പ്രൊഫ. ഡോ. കെ.കെ. ദിവാകർ, ഡോ. ഗിരീഷ് ബക്ഷി, ഡോ. സന്തോഷ് ബാലകൃഷ്ണൻ, ഡോ. സന്തോഷ് ജോൺ എബ്രഹാം, ഫാ. ജോൺ കുര്യാക്കോസ് എന്നിവർ സമീപം.

# ട്രോമാസികോൺ 2026 ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്തു

**കൊച്ചി :** ആരോഗ്യമേഖലയിൽ കേരളം ഇന്ന് ലോകരാജ്യങ്ങൾക്ക് തന്നെ മാതൃകയാണെന്നും, കുറഞ്ഞ ചെലവിൽ ലോകനിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കാൻ കഴിയുന്നതുകൊണ്ടാണ് വിദേശ രാജ്യങ്ങളിൽ നിന്നുപോലും ആളുകൾ ഇവിടെ ചികിത്സ തേടിയെത്തുന്നതെന്നും വി. പി. സജീന്ദ്രൻ എം.എൽ.എ. കോലഞ്ചേരി മലങ്കര ഓർത്തോഡക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ (എം.ഒ.എസ്.സി.) മെഡിക്കൽ കോളേജിൽ ഇന്ത്യൻ അസോസിയേഷൻ ഓഫ് ട്രോമ ആൻഡ് ക്രിട്ടിക്കൽ കെയർ' സംഘടിപ്പിച്ച 13-ാമത് ദേശീയ സമ്മേളനം 'ട്രോമാസികോൺ 2026' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതീക്ഷിക്കാതെ ഉണ്ടാകുന്ന ട്രോമ, എമർജൻസി സാഹചര്യങ്ങളെ നേരിടാൻ ആശുപത്രികളെയും ആരോഗ്യ പ്രവർത്തകരെയും സജ്ജരാക്കുക, മെഡിക്കൽ രംഗത്തെ സാങ്കേതിക മുന്നേറ്റങ്ങൾ പ്രയോജനപ്പെടുത്തി രോഗീപരിചരണം കൂടുതൽ മെച്ചപ്പെടുത്തുക എന്നിവയാണ് ഈ ദേശീയ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം. കോലഞ്ചേരി മെഡിക്കൽ കോളജിലെ ജനറൽ സർജറി, ക്രിട്ടിക്കൽ കെയർ, എമർജൻസി മെഡിസിൻ വിഭാഗങ്ങൾ സംയുക്തമായി സംഘടിപ്പിച്ച സമ്മേളനത്തിൽ അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യ (എഎസ്ഐ) കേരള ചാപ്റ്ററിന്റെ വാർഷിക സി.എം.ഇ പ്രോഗ്രാമും നടന്നു. ചടങ്ങിൽ എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ സെക്രട്ടറിയും സി.ഇ.ഒയുമായ അജു ജേക്കബ്, കോളേജ് ഡീൻ പ്രൊഫ. ഡോ. കെ. കെ. ദിവാകരൻ, ഇന്ത്യൻ അസോസിയേഷൻ ഓഫ് ട്രോമറ്റോളഡി ആൻഡ് ക്രിട്ടിക്കൽ കെയർ പ്രസിഡന്റ് ഡോ. രാജശേഖർ മോഹൻ, ഇന്ത്യൻ അസോസിയേഷൻ ഓഫ് ട്രോമറ്റോളഡി ആൻഡ് ക്രിട്ടിക്കൽ കെയർ സെക്രട്ടറി ഡോ.ഗിരീഷ് ബക്ഷി, എ.എസ്.ഐ. കേരള ചാപ്റ്റർ പ്രസിഡന്റ് പ്രൊഫ. ഡോ. സജി കുമാർ, എ.എസ്.ഐ കേരള ചാപ്റ്റർ സെക്രട്ടറി ഡോ. ആർ.പി.രെഞ്ചിൻ, ഓർഗനൈസിങ് ചെയർമാൻ ഡോ. വർഗീസ് പോൾ, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. സന്തോഷ് ബാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

# നിത്യേനയുള്ള ബദാം ഉപയോഗം ഉറക്കമില്ലായ്മയ്ക്ക് പരിഹാരമേകുമെന്ന് പഠനം



**കൊച്ചി:** ഉറക്കക്കുറവ് നേരിടുന്ന മുതിർന്നവർ ദിവസവും ബദാം കഴിക്കുന്നത് ഉറക്കത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും, ഉറക്ക കാര്യക്ഷമത വർദ്ധിപ്പിക്കാനും, വേഗത്തിൽ ഉറങ്ങാൻ സഹായിക്കുമെന്നും പുതിയ പഠനം വ്യക്തമാക്കുന്നു. ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുടെ സഹകരണത്തോടെ നടത്തിയ ഈ ഗവേഷണം 'ഫ്രോണ്ടിയേഴ്സ് ഇൻ ന്യൂട്രിഷൻ' ജേണലിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. 21 മുതൽ 55 വയസ്സ് വരെ പ്രായമുള്ള 175 ഇന്ത്യക്കാരിൽ 20 ആഴ്ച നീണ്ട പഠനമാണ് ഇതിനായി നടത്തിയത്. പങ്കെടുത്തവരിൽ ഒരു വിഭാഗത്തിന് ദിവസവും 60 ഗ്രാം ബദാമും (ഏകദേശം 50 എണ്ണം), മറ്റൊരു വിഭാഗത്തിന് തുല്യ കലോറിയുള്ള ലഘുഭക്ഷണങ്ങളും നൽകി നടത്തിയ പരീക്ഷണത്തിൽ, ബദാം കഴിച്ചവരുടെ ഉറക്കത്തിൽ പ്രകടമായ പുരോഗതി രേഖപ്പെടുത്തി. നാഡികളുടെ പ്രവർത്തനത്തിനും പേശികളുടെ അയവിനും സഹായിക്കുന്ന മഗ്നീഷ്യം, ഉറക്കത്തെ നിയന്ത്രിക്കുന്ന ഹോർമോണുകൾ ഉത്പാദിപ്പിക്കാൻ സഹായിക്കുന്ന ട്രിപ്റ്റോഫാൻ, സ്വാഭാവിക മെലറ്റോണിൻ, അപൂരിത കൊഴുപ്പുകൾ എന്നിവ ബദാമിൽ അടങ്ങിയിരിക്കുന്നതാണ് ഉറക്കം മെച്ചപ്പെടാൻ വഴിയൊരുക്കുന്നത്.

ജീവിതശൈലി രോഗങ്ങൾക്കും ഉറക്കപ്രശ്നങ്ങൾക്കും ലളിതമായ ഭക്ഷണക്രമീകരണത്തിലൂടെ മികച്ച പരിഹാരം കണ്ടെത്താമെന്ന് തെളിയിക്കുന്നതാണ് ഈ പഠനഫലമെന്ന് പ്രമുഖ പോഷകാഹാര വിദഗ്ദ്ധ ഷീല കൃഷ്ണസ്വാമി അഭിപ്രായപ്പെട്ടു.

# ബേക്കറി മേഖലയിൽ പുതിയ ആശയങ്ങൾ അവതരിപ്പിക്കാൻ ഇന്നൊവേഷൻ പിച്ചത്തോൺ സംഘടിപ്പിക്കുന്നു

**കൊച്ചി:** ഫുഡ്, ബേക്കറി മേഖലയിൽ പുതിയ ആശയങ്ങൾ അവതരിപ്പിക്കാനും സംരംഭങ്ങൾ ആരംഭിക്കാനും ആഗ്രഹിക്കുന്നവർക്കായി കേരളത്തിൽ ആദ്യമായി ബേക്കേഴ്സ് അസോസിയേഷൻ കേരള (ബേക്ക്) ഫുഡ് ടെക് ആൻഡ് ബേക്ക് ഇന്നൊവേഷൻ പിച്ചത്തോൺ സംഘടിപ്പിക്കുന്നു.

ഈ മേഖലയിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും നിലവിലുള്ള സംരഭകർക്കും തങ്ങളുടെ പക്കലുള്ള നൂതന ആശയങ്ങൾ പിച്ചത്തോണിൽ അവതരിപ്പിക്കാം. അടുത്ത മാസം കൊച്ചിയിൽ നടക്കുന്ന ബേക്ക് എക്സ്പോയുടെ ഭാഗമായി അങ്കമാലി അഡ്ലക്സ് കൺവെൻഷൻ സെന്ററിൽ ഒക്ടോബർ പത്തിനാണ് പരിപാടി.

ഫുഡ്, ബേക്കറി ഉൽപ്പന്നങ്ങൾ, ബേക്കറി മേഖലയെ സഹായിക്കുന്ന മെഷിനറിടെക്നോളജി, അസംസ്കൃത വസ്തുക്കളുടെ ഉൽപ്പാദനത്തിലെ നൂതന രീതികൾ, ബ്രാൻഡിംഗ് മാർക്കറ്റിംഗ്സെയിൽസ് ഇന്നൊവേഷനുകൾ തുടങ്ങി അഞ്ച് വിഭാഗങ്ങളിലായാണ് ആശയങ്ങൾ സ്വീകരിക്കുന്നത്.

തിരഞ്ഞെടുക്കപ്പെടുന്ന 10 ഫൈനലിസ്റ്റുകൾക്ക് നിക്ഷേപകരുടെയും വ്യവസായ പ്രമുഖരുടെയും മുന്നിൽ ആശയങ്ങൾ അവതരിപ്പിക്കാനുള്ള അവസരം ലഭിക്കും. മികച്ച ആശയങ്ങൾക്ക് ഒന്നാം സമ്മാനമായി ഒരു ലക്ഷം രൂപ, രണ്ടാം സമ്മാനമായി 75,000 രൂപ, മൂന്നാം സമ്മാനമായി 50,000 രൂപ എന്നിങ്ങനെ ക്യാഷ് പ്രൈസുകളും ലഭിക്കും.

സെപ്റ്റംബർ 30 ആണ് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും bakenext.com സന്ദർശിക്കുകയോ 9447543238 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാം.



# ലോട്ടസ് എലെട്രെയും എമേയയും കൊച്ചിയിൽ

**കൊച്ചി:** പ്രമുഖ ആഡംബര സ്പോർട്സ് കാർ നിർമാതാക്കളായ ലോട്ടസ് കാർസ് ഇന്ത്യ, തങ്ങളുടെ പ്രശസ്ത ഇലക്ട്രിക് പെർഫോമൻസ് വാഹനങ്ങളായ 'എലെട്രെ', 'എമേയ' എന്നിവയെ പരിചയപ്പെടുത്തുന്നതിനായി കൊച്ചിയിൽ പ്രത്യേക ബ്രാൻഡ് എക്സ്പീരിയൻസ് പരിപാടി സംഘടിപ്പിക്കുന്നു. രാജ്യവ്യാപക പര്യടനത്തിന്റെ ഭാഗമായി സെപ്റ്റംബർ 25 മുതൽ 27 വരെ നടക്കുന്ന ഈ പരിപാടി വാഹനപ്രേമികൾക്കും ബിസിനസ് പ്രമുഖർക്കും പുതിയ മോഡലുകൾ അടുത്തറിയാൻ അവസരമൊരുക്കും.

ചെന്നൈ, കോയമ്പത്തൂർ, തൃശൂർ എന്നിവിടങ്ങളിലെ പര്യടനത്തിന് ശേഷമാണ് ലോട്ടസ് കാറുകൾ കൊച്ചിയിലെത്തുന്നത്. ഇവിടെനിന്നും കോഴിക്കോട്, മംഗളൂരു, ബെംഗളൂരു, കൊൽക്കത്ത, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങളിലേക്കും പര്യടനം വ്യാപിപ്പിക്കും. സമാന്തരമായി പശ്ചിമേന്ത്യൻ നഗരങ്ങളിലും പര്യടനം നടക്കുന്നുണ്ട്. മികച്ച അനുഭവങ്ങളും നിലവാരമുള്ള സേവനങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനൊപ്പം, സമഗ്രമായ സെയിൽസ്, ആഫ്റ്റർ സെയിൽസ് പിന്തുണ ഉറപ്പാക്കുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ലോട്ടസ് കാർസ് ഇന്ത്യ ഡയറക്ടർ ആമി അറോറ വ്യക്തമാക്കി.

# നികുതി പേയ്മെന്റിന് ഡിജിറ്റൽഓഫ്‌ലൈൻ സൗകര്യങ്ങളുമായി ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക്

IDFC FIRST Bank

**കൊച്ചി:** കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ നികുതി ശേഖരണത്തിനായുള്ള പേയ്മെന്റ് ഗേറ്റ്‌വേ സംയോജനം പൂർത്തിയാക്കി ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക്. ഇതുവഴി രാജ്യത്തെ നികുതിദായകർക്ക് യുപിഐ, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, റീട്ടെയിൽ, കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനങ്ങൾ വഴി നേരിട്ടുള്ള നികുതി അടയ്ക്കാം. ഓഫ്‌ലൈൻ പേയ്മെന്റിനായി ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ ചെക്ക്, ഡിമാൻഡ് ഡ്രാഫ്റ്റ്, പണം എന്നിവ ഉപയോഗിക്കാനും സൗകര്യമുണ്ട്. മറ്റ് ബാങ്കുകളിലെ ഉപഭോക്താക്കൾക്കും അവരുടെ ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനത്തിലൂടെ ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ പേയ്മെന്റ് ഗേറ്റ്‌വേ വഴി നികുതി അടയ്ക്കാം. ചെല്ലാനും പേയ്മെന്റ് സ്ഥിരീകരണവും എളുപ്പത്തിൽ ഡൗൺലോഡ് ചെയ്യാനും സാധിക്കും.





ഡോ. ജോർജ് തുകലൻ, ഡോ. ശാരദ ശ്രീനാഥ്, ഡോ. ജോൺ കെ.തോമസ്

# എ.ഒ.ഐ : ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** ഇ.എൻ.ടി സർജന്മാരുടെ സംഘടനയായ അസോസിയേഷൻ ഓഫ്  ഓട്ടോലാരിഞ്ചോളജിസ്റ്റ് ഓഫ് ഇന്ത്യ (എ.ഒ.ഐ) കൊച്ചി ചാപ്റ്ററിന്റെ 2026-27 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഡോ. ജോർജ് തുകലൻ ( പ്രസിഡന്റ്)  ഡോ. ശാരദ ശ്രീനാഥ് ( സെക്രട്ടറി) ഡോ.ജോൺ കെ.തോമസ് ( ട്രഷറർ ) കൊച്ചിയിൽ നടന്ന വാർഷിക പൊതുയോഗത്തിൽ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.



ചരഗ് ദിൻ എറണാകുളം എംജി റോഡ് ഷോറൂം ജ്യോതി അസ്വാനി(അശ്വനി ലച്ച്മൻദാസ് ഗ്രൂപ്പ് മാനേജിംഗ് പാർട്ണർ) ഉദ്ഘാടനം ചെയ്തപ്പോൾ. സമീപം ദീപക് അസ്വാനി(അശ്വനി ലച്ച്മൻദാസ് ഗ്രൂപ്പ് ചെയർമാൻ) രാജു ദസ്വാനി(എം.ഡി, സിഡി ഗ്രൂപ്പ്), പ്രകാശ് അസ്വാനി, ദീപ്തി അസ്വാനി, യോഹൻ ദസ്വാനി, വേണുഗോപാൽ സി ഗോവിന്ദ്, രവി കാന്ത്, രവികാന്ത് അൻവേക്കർ.

# കൊച്ചിയിൽ സ്റ്റോർ തുറന്ന് ഫാഷൻ ബ്രാൻഡ് ചരഗ് ദിൻ

**കൊച്ചി:** തലമുറകളായി ഇന്ത്യയിലെ പുരുഷ ഫാഷൻ രംഗത്ത് ശ്രദ്ധേയമായ ഇടം നേടിയ പ്രമുഖ പാർട്ടിവെയർ ബ്രാൻഡായ ചരഗ് ദിൻ കൊച്ചിയിൽ പുതിയ സ്റ്റോർ തുറന്നു. കേരളത്തിലെ പ്രമുഖ ബിസിനസ് സ്ഥാപനമായ അശ്വനി ലച്ച്മൻദാസ് ഗ്രൂപ്പുമായി ചേർന്നുള്ള എക്സ്ക്ലൂസീവ് ഫ്രാഞ്ചൈസി പങ്കാളിത്തത്തിലാണ് എറണാകുളം എംജി റോഡിൽ സ്റ്റോർ പ്രവർത്തനമാരംഭിച്ചത്.

കഴിഞ്ഞ 71 വർഷമായി കേരളത്തിൽ ശക്തമായ സാന്നിധ്യമുള്ള അശ്വനി ലച്ച്മൻദാസ് ഗ്രൂപ്പ് ദീപക് അസ്വാനിയുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ഹൃദയത്തോട് ചേർന്നുനിൽക്കുന്ന ചരഗ് ദിൻ എന്ന ബ്രാൻഡിനെ നഗരത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് ദീപക് അസ്വാനി പറഞ്ഞു.

കുടുംബ ബിസിനസിന്റെ രണ്ടാം തലമുറാംഗവും ഏകദേശം ആറ് പതിറ്റാണ്ടായി ബ്രാൻഡിനൊപ്പം പ്രവർത്തിക്കുന്നയാളുമായ 74കാരൻ രാജു ദസ്വാനിയുടെ അനുഭവസമ്പത്തും ചരഗ് ദിന്റെ പാരമ്പര്യത്തെയും ഉപഭോക്താക്കളുമായുള്ള ദീർഘകാല ബന്ധങ്ങളെയും കൂടുതൽ ദൃഢമാക്കുന്നു.

ആഘോഷങ്ങൾ, വിവാഹങ്ങൾ, ഔപചാരിക ചടങ്ങുകൾ തുടങ്ങി വിവിധ അവസരങ്ങൾക്കായി പുരുഷന്മാർക്ക് തിരഞ്ഞെടുക്കാവുന്ന വൈവിധ്യമാർന്ന വസ്ത്രശേഖരമാണ് കൊച്ചിയിലെ പുതിയ സ്റ്റോറിൽ ഒരുക്കിയിരിക്കുന്നതെന്ന് ചരഗ് ദിനിലെ രാജു ദസ്വാനി പറഞ്ഞു.വ്യത്യസ്തമായ പ്രിന്റുകൾ, കൈപ്പണികൾ, ക്ലാസിക് സോളിഡ് നിറങ്ങൾ, ചെക്ക് പാറ്റേണുകൾ എന്നിവയോടൊപ്പം ആധുനിക ഫാഷൻ ട്രെൻഡുകളും ചേർത്തുവച്ചാണ് ഇന്നത്തെ ഉപഭോക്താക്കൾക്കായി ഈ ശേഖരം ഒരുക്കിയിട്ടുള്ളത്.

വെറുമൊരു ബിസിനസ് വിപുലീകരണത്തിനപ്പുറം പുതിയ തലമുറയിലെ ഉപഭോക്താക്കളുമായി വ്യക്തിഗത ബന്ധം സ്ഥാപിക്കാനാണ് ബ്രാൻഡ് ലക്ഷ്യമിടുന്നത്. കൊച്ചിയിലെ ഈ പുതിയ തുടക്കത്തിലൂടെ ചരഗ് ദിന്റെ പാരമ്പര്യവും ഗുണനിലവാരവും നഗരത്തിലെ ജനങ്ങളിലേക്ക് എത്തിക്കാനും ഇവിടുത്തെ ആഘോഷങ്ങളുടെ ഭാഗമാകാനും സാധിക്കുമെന്നാണ് ബ്രാൻഡിന്റെ പ്രതീക്ഷ.

# ഉത്സവാഘോഷങ്ങൾക്ക് തിളക്കമേകാൻ ക്രോംപ്ടൺ ഗാലക്സി ഫെസ്റ്റീവ് ലൈറ്റ്സ് ശ്രേണി

**കൊച്ചി:** ഉത്സവസീസണിൽ വീടുകൾക്ക് വർണാഭമായ പ്രകാശാലങ്കാരം ഒരുക്കുന്നതിനായി ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് 'ഗാലക്സി ഫെസ്റ്റീവ് ലൈറ്റ്സ്' ശ്രേണി അവതരിപ്പിച്ചു. വ്യത്യസ്ത ഡിസൈനുകളും ലൈറ്റിംഗ് മോഡുകളും ഉൾപ്പെടുന്ന ശ്രേണി വിവിധ ആഘോഷങ്ങളിലെ അലങ്കാരങ്ങൾക്ക് അനുയോജ്യമായതാണ്.

ലീഫ്, സ്നോബോൾ, ഡയമണ്ട്, പിക്സൽ, സ്പാർക്കിൾ എന്നീ അഞ്ച് മോഡലുകളാണ് ശ്രേണിയിലുള്ളത്. വാം ലൈറ്റും ആർജിബി ലൈറ്റിംഗും വിവിധ നിറങ്ങളും മോഡുകളും ഉൾപ്പെടുന്ന ഇവ പ്രവേശന കവാടങ്ങൾ, ജനലുകൾ, ബാൽക്കണികൾ, ചെടികൾ, വീടിന്റെ വിവിധ ഭാഗങ്ങൾ എന്നിവ അലങ്കരിക്കാൻ ഉപയോഗിക്കാം.




എളുപ്പത്തിൽ ഘടിപ്പിക്കാവുന്ന പ്ലഗുകൾ, ബി.ഐ.എസ് മാനദണ്ഡങ്ങൾ പാലിക്കുന്ന വയറുകൾ, ഈടുനിൽക്കുന്ന ഘടകങ്ങൾ എന്നിവയാണ് പ്രധാന സവിശേഷതകൾ. ഇന്ത്യയിലെ ക്രോംപ്ടൺ അംഗീകൃത റീട്ടെയിൽ ഔട്ട്‌ലെറ്റുകളിലും പ്രമുഖ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ശ്രേണി ലഭ്യമാകും. 799 രൂപ  മുതൽ 2,499 രൂപ വരെയാണ് വില.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മോട്ടോറോള സിഗ്നേച്ചർ 27 സ്നാപ്ഡ്രാഗൺ സമ്മിറ്റിൽ അവതരിപ്പിച്ചു



**ന്യൂദൽഹി:** മോട്ടോറോള തങ്ങളുടെ പുതിയ പ്രീമിയം ഫ്ലാഗ്ഷിപ്പ് സ്മാർട്ട്ഫോൺ മോട്ടോറോള സിഗ്നേച്ചർ 27 സ്നാപ്ഡ്രാഗൺ സമ്മിറ്റിൽ ആദ്യമായി അവതരിപ്പിച്ചു. പുതിയ സ്നാപ്ഡ്രാഗൺ 8 എലൈറ്റ് എക്സ്ട്രീം ജെൻ 6 മൊബൈൽ പ്ലാറ്റ്ഫോം ഉപയോഗിക്കുന്ന ലോകത്തിലെ ആദ്യ സ്മാർട്ട്ഫോണുകളിൽ ഒന്നാണ് സിഗ്നേച്ചർ 27. ഗൂഗിൾ ജെമിനി അധിഷ്ഠിത എഐ സൗകര്യങ്ങൾ, അടുത്ത തലമുറ 5ജി കണക്റ്റിവിറ്റി, പ്രൊഫഷണൽ നിലവാരത്തിലുള്ള ക്യാമറ സംവിധാനങ്ങൾ എന്നിവയാണ് പ്രധാന സവിശേഷതകൾ. 50എംപി സോണി ലിറ്റിയ 910 പ്രധാന ക്യാമറയും 200എംപി പെരിസ്കോപ്പ് ടെലിഫോട്ടോ ക്യാമറയും ഫോണിലുണ്ട്.

വീഡിയോ ചിത്രീകരണത്തിനായി എഐ അധിഷ്ഠിത വീഡിയോ എൻഹാൻസ്മെന്റ് എഞ്ചിൻ, കാൾകോം ഇലക്ട്രോണിക് ഇമേജ് സ്റ്റെബിലൈസേഷൻ, 3.5 ഒഐഎസ് എന്നിവയും ഫോണിലുണ്ട്. ആമിഴ & ചരഹൗളലിന്റെ ഓഡിയോ സംവിധാനമുള്ള ആദ്യ സ്മാർട്ട്ഫോണാണിതെന്നും മോട്ടോറോള അറിയിച്ചു.

സെറാമിക്കും ഗ്ലാസും ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന ഫോൺ പാന്റോൺ ക്യാപുലെറ്റ് ഒലിവ്, പാന്റോൺ കോൾ സ്മോക്ക് എന്നീ നിറങ്ങളിൽ ലഭ്യമാകും. ഏഴ് ഒഎസ് അപ്ഗ്രേഡുകളും ഏഴ് വർഷം വരെ സുരക്ഷാ അപ്ഡേറ്റുകളും ലഭിക്കും. 2026ൽ ആഗോള വിപണിയിൽ ഫോൺ എത്തിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.



# ദക്ഷിണേന്ത്യയിൽ പ്രവർത്തനം വിപുലീകരിക്കാൻ ഫിസിക്സ്‌വാല

**ബെംഗളൂരു:** ദക്ഷിണേന്ത്യയിൽ പ്രവർത്തനം വിപുലീകരിക്കാനൊരുങ്ങി എഡ്ടെക് പ്ലാറ്റ്ഫോം ഫിസിക്സ്‌വാല. അടുത്ത രണ്ട് വർഷത്തേക്ക് മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് ഫിസിക്സ്‌വാല (പിഡബ്ല്യൂ) സ്ഥാപകനും സിഇഒയുമായ അലഖ് പാണ്ഡെ, തിരുപ്പതിയിൽ നടന്ന പരിപാടിയിൽ സംസാരിക്കവെ പറഞ്ഞു. ആന്ധ്രാപ്രദേശ്, തെലങ്കാന, തമിഴ്നാട്, കർണാടക, കേരളം എന്നീ സംസ്ഥാനങ്ങളിൽ കമ്പനിയുടെ സാന്നിധ്യം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് പാണ്ഡെ വ്യക്തമാക്കി. 2020ൽ അലഖ് പാണ്ഡെയും പ്രതീക് മഹേശ്വരിയും ചേർന്ന് സ്ഥാപിച്ച ഫിസിക്സ്‌വാല ഇതുവരെ നാല് കോടിയിലധികം വിദ്യാർഥികളിലെത്തിയതായി കമ്പനി അറിയിച്ചു. ദക്ഷിണേന്ത്യയിലെ വിപുലീകരണത്തിന്റെ ഭാഗമായി മോഹൻ ബാബു സർവകലാശാലയുമായി അഞ്ച് വർഷത്തെ പങ്കാളിത്തവും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലൂടെ 18,000ത്തിലധികം വിദ്യാർഥികൾക്ക് ഓൺലൈൻ എഐ, നൈപുണ്യ വികസനം, കരിയർ കേന്ദ്രീകൃത കോഴ്സുകൾ ലഭ്യമാക്കും. ഹിന്ദി, ഇംഗ്ലീഷ്, എന്നിവയ്ക്ക് പുറമെ ഒമ്പത് പ്രാദേശിക ഭാഷകളിലും ഫിസിക്

# ഡിജിറ്റൽ തട്ടിപ്പ് കേസുകളിലെ വൻവർദ്ധനയ്ക്കിടയിൽ എയർടെൽ 98.4 ബില്ല്യൺ സ്പാം കോളുകൾ കണ്ടെത്തി

**കൊച്ചി:** 2024ൽ സ്പാമുകളെ കണ്ടെത്തുന്നതിനായി എയർടെൽ ഇന്ത്യയിലെ ആദ്യത്തെ നെറ്റുവർക്ക്അധിഷ്ഠിത, എഐ അധിഷ്ഠിത സംവിധാനം അവതരിപ്പിച്ചതിന് ശേഷം 4.4 ബില്ല്യൺ സ്പാം സന്ദേശങ്ങൾ കണ്ടെത്തുകയും 1.62 മില്ല്യൺ വിദ്വേഷ ലിങ്കുകൾ തടയുകയും ചെയ്തു. ഒടിപി തട്ടിപ്പിൽനിന്നുള്ള സംരക്ഷണം, വിദ്വേഷ ലിങ്കുകൾ കണ്ടെത്തൽ, സ്പാം കോളുകളും സന്ദേശങ്ങളും കണ്ടെത്തൽ, ബിസിനസ് നെയിം ഡിസ്പ്ലേ തുടങ്ങിയ നെറ്റ്‌വർക്ക്നിയന്ത്രിത ഡിജിറ്റൽ സുരക്ഷാ ഉപകരണങ്ങൾക്ക് സമാനമായി എയർടെല്ലിന്റെ സേഫ് നെറ്റുവർക്ക് ഡിജിറ്റൽ ഇക്കോസിസ്റ്റത്തെ സുരക്ഷിതമാക്കുന്നതിൽ സജീവമായ പങ്കുവഹിച്ചു.

ഇന്ത്യൻ സൈബർ ക്രൈം കോഡിനേഷൻ സെന്ററിന്റെ കണക്കനുസരിച്ച് കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ ഇന്ത്യക്കാർക്ക് സൈബർ തട്ടിപ്പുകളിൽ 52,976 കോടി രൂപ നഷ്ടമായിയെന്നാണ്.

എൻസിആർബിയുടെ കണക്കുകൾ പ്രകാരം രാജ്യത്ത് എല്ലാത്തരം കുറ്റകൃത്യങ്ങളുടെ എണ്ണം കുറയുമ്പോഴും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ വൻതോതിൽ വർദ്ധിക്കുന്നു.

രണ്ടുവർഷംമുമ്പ്, എയർടെൽ ഈ മാറ്റത്തെ മുൻകൂട്ടി കാണുകയും ഉപഭോക്തൃസംരക്ഷണ സമീപനം സ്വീകരിക്കുന്ന ആദ്യ കമ്പനിയാകുകയും ചെയ്തു.

ഇന്ത്യയിൽ ഒരു ടെലികോം സേവനദാതാവ് ഇത്തരമൊരു സംവിധാനം ഉപഭോക്താക്കൾക്കായി അവതരിപ്പിച്ചത് ആദ്യമായിട്ടായിരുന്നു. ഉപഭോക്താക്കളെ സ്പാം കോളുകളിൽ നിന്നും എസ്എംഎസുകളിൽനിന്നും സംരക്ഷിക്കുന്നതിനായി ഈ സംവിധാനത്തിൽ നെറ്റുവർക്ക് ഇന്റലിജൻസും ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഒരുമിച്ച് ഉപയോഗിച്ചു

# നാച്ചുറൽ ഡയമണ്ട് കൗൺസിൽ ഇനി 'ദി ഡയമണ്ട് കളക്റ്റീവ്'



ആംബർ പെപ്പർ

**കൊച്ചി:** പ്രകൃതിദത്ത വജ്രങ്ങളെ സംസ്കാരവുമായി വീണ്ടും ബന്ധിപ്പിക്കുന്നതിനും ഉപഭോക്തൃ ആത്മവിശ്വാസം ശക്തിപ്പെടുത്തുന്നതിനും ദീർഘകാല പ്രസക്തി വർദ്ധിപ്പിക്കുന്നതിനുമുള്ള പുതിയ ആഗോള തന്ത്രം അനാവരണം ചെയ്യുന്നതിന്റെ ഭാഗമായി നാച്ചുറൽ ഡയമണ്ട് കൗൺസിൽ ദി ഡയമണ്ട് കളക്റ്റീവ് ആയി മാറുന്നു.

പുതിയ സിഇഒ ആംബർ പെപ്പറിന്റെ നേതൃത്വത്തിൽ ആറ് മാസത്തോളം വജ്ര ഉൽപാദകർ, റീട്ടെയിലർമാർ, ബ്രാൻഡുകൾ, ക്രിയേറ്റീവുകൾ, ഉപഭോക്താക്കൾ എന്നിവരുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് പുതിയ തന്ത്രം രൂപപ്പെടുത്തിയത്.

സാംസ്കാരിക പ്രസക്തിയുള്ള പുതിയ പ്രചാരണങ്ങൾ, സർവസാധാരണമായ ട്രസ്റ്റ്മാർക്ക്, വജ്രങ്ങളുടെ ഉത്ഭവവും ഉറവിടവും സംബന്ധിച്ച കൂടുതൽ വ്യക്തമായ വിവരങ്ങൾ, റീട്ടെയിൽബ്രാൻഡ് പങ്കാളിത്തം ശക്തിപ്പെടുത്തൽ, എ.ഐ., ഡിജിറ്റൽ ഡിസ്ക്കവറി മേഖലകളിലെ നിക്ഷേപം എന്നിവ പുതിയ പദ്ധതിയുടെ ഭാഗമാണ്.

പ്രകൃതിദത്ത വജ്രങ്ങളോടുള്ള ഉപഭോക്താക്കളുടെ താൽപര്യവും വാങ്ങൽ മനോഭാവവും അളക്കുന്നതിനായി 'ഡയമണ്ട് ഡിസയർ ഇൻഡക്സ്' എന്ന പുതിയ സംവിധാനവും അവതരിപ്പിക്കും. അമേരിക്ക, ഇന്ത്യ, ചൈന എന്നീ വിപണികളിൽ അടിസ്ഥാന കണക്കുകളോടെയാണ് ഇത് ആരംഭിക്കുക.

വജ്ര വ്യവസായത്തിലുള്ള സ്ഥാപനങ്ങൾക്ക് വൈദഗ്ധ്യവും കാഴ്ചപ്പാടും പിന്തുണയും പങ്കുവെക്കാൻ അവസരം നൽകുന്ന വിപുലമായ പങ്കാളിത്ത മാതൃകയും ദി ഡയമണ്ട് കളക്റ്റീവ് അവതരിപ്പിക്കും. വ്യവസായത്തിന്റെ ദീർഘകാല വളർച്ചയ്ക്കായുള്ള സംയുക്ത പദ്ധതികളുടെ രൂപീകരണത്തിലും നടപ്പാക്കലിലും കൂടുതൽ സ്ഥാപനങ്ങൾക്ക് പങ്കാളികളാകാൻ ഇതിലൂടെ അവസരം ലഭിക്കും.




# സെക്യൂർഡ് ക്രെഡിറ്റ് കാർഡ് യോനോയിൽ അവതരിപ്പിച്ച് എസ്ബിഐ കാർഡ്

**ന്യൂദൽഹി:** സ്ഥിരനിക്ഷേപത്തിന്റെ (എഫ്ഡി) പിൻബലത്തോടെ ലഭിക്കുന്ന അഡ്വാൻറ്റേജ് എസ്ബിഐ കാർഡ് എസ്ബിഐ യോനോ പ്ലാറ്റ്ഫോമിലൂടെ ഡിജിറ്റലായി ലഭ്യമാക്കുന്ന സേവനം എസ്ബിഐ കാർഡ് അവതരിപ്പിച്ചു. പൂർണമായും പേപ്പർലെസ് സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് ഏകദേശം 10 മിനിറ്റിനുള്ളിൽ കാർഡിന് അപേക്ഷിക്കാം. എസ്ബിഐയിൽ സ്ഥിരനിക്ഷേപമുള്ളവർക്ക് യോനോ വഴി ഈ സെക്യൂർഡ് ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം.

എസ്ബിഐ കാർഡ് എലൈറ്റ്, എസ്ബിഐ കാർഡ് പ്രൈം, സിംപ്ലിക്ലിക്ക് എസ്ബിഐ കാർഡ്, സിംപ്ലിസേവ് എസ്ബിഐ കാർഡ് എന്നീ നാല് കാർഡുകളാണ് യോനോ വഴി ലഭ്യമാക്കുന്നത്. സ്ഥിരനിക്ഷേപത്തിന്റെ സുരക്ഷയും ക്രെഡിറ്റ് കാർഡിന്റെ സൗകര്യങ്ങളും സംയോജിപ്പിക്കുന്ന സംവിധാനമാണിതെന്ന് കമ്പനി അറിയിച്ചു. ക്രെഡിറ്റ് ചരിത്രം ആരംഭിക്കാനോ മെച്ചപ്പെടുത്താനോ ആഗ്രഹിക്കുന്നവർക്ക് ഔപചാരിക ക്രെഡിറ്റ് സംവിധാനത്തിലേക്കുള്ള പ്രവേശനം കൂടുതൽ എളുപ്പമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.